കേരള സർക്കാർ

# ചേന്ദമംഗലം ഗ്രാമപഞ്ചായത്ത്
# 2016-17
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി12)1652/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്–682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

തീയതി :14.09.2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേന്ദമംഗലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് – 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :-</u>

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇകെഎം(പി12)1652/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
email :doekm.ksad@kerala.gov.in

തീയതി : 14.09.2017

# എറണാകുളം ജില്ലയിലെ ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 31.03.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ധന്യ ബാലകൃഷ്ണൻ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തീയതി | 26.07.2017 മുതൽ 03.08.2017വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ജയ സി.ആർ., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| | എൻ.എം സജീവ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ഷെഫീക്ക്.എം., സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | എ.എം.ഇസ്മെയിൽ | 01.04.2016മുതൽ .31.03.2017 വരെ |
| സെക്രട്ടറി | ഷിബു.എം.കെ. | 01.04.2016മുതൽ31.03.2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| വി.ഇ.ഒ.<br>ചേന്ദമംഗലം സർക്കിൾ | ഗിരി.എം.ആർ. | 01.04.2016മുതൽ31.03.2017വരെ |
| വി.ഇ.ഒ.<br>മൂത്തകുന്നം സർക്കിൾ | സീമ.ടി.ആർ. | 01.04.2016മുതൽ31.03.2017വരെ |
| കൃഷി ഓഫീസർ | ഷീന.ടി.സി. | 01.04.2016മുതൽ31.03.2017വരെ |
| ഐ.സി. ഡി.എസ്.<br>സൂപ്പർ വൈസർ | അംബിക.എ.എസ്. | 01.04.2016മുതൽ31.03.2017വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ലിജി.ടി.എൻ. | 01.04.2016മുതൽ31.03.2017വരെ |
| വെറ്ററിനറി സർജൻ | ഡോ.ശ്രീകുമാർ.<br>എം.എസ്. | 01.04.2016മുതൽ31.03.2017വരെ |
| സീനിയർ മെഡിക്കൽ<br>ഓഫീസർ(ആയുർവേദം) | ഡോ.ആശാമോൾ.<br>ടി.സി. | 01.04.2016മുതൽ31.03.2017വരെ |
| മെഡിക്കൽ ഓഫീസർ (PHC) | ഡോ.മഞ്ജു.കെ.എസ്. | 01.04.2016മുതൽ31.03.2017വരെ |
| ചീഫ് മെഡിക്കൽ<br>ഓഫീസർ(ഹോമിയോ) | ഡോ.ഋഷികേശൻ<br>സൂപ്രണ്ട്, ഹോമിയോ | 01.04.2016മുതൽ31.03.2017വരെ |
| ഡയറി എക്സ്റ്റെൻഷൻ<br>ഓഫീസർ | സുനിൽകുമാർ.എം.ബി. | 01.04.2016മുതൽ31.03.2017വരെ |
| സബ് ഇൻസ്പെക്ടർ ഓഫ്<br>ഫിഷറീസ് | സബീന ടി.എച്ച്. | 01.04.2016മുതൽ31.03.2017വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ. | 1-8 |

| | | |
|---|---|---|
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-12 |
| | ഭാഗം – 2 | |
| 13 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | 2-1 |
| 14 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി കണക്കാക്കി നികുതി നിർണ്ണയിക്കുന്നില്ല – വരുമാന നഷ്ടം | 2-2 |
| | ഭാഗം – 3 | |
| 15 | ബഡ്സ് സ്കൂൾ റീഹാബിലിറ്റേഷൻ സെന്റർ ഇലക്ട്രിഫിക്കേഷൻ – ചെയ്യാത്ത ഇനത്തിലും മൂല്യം നിർണ്ണയിച്ചു. | 3-1 |
| 16 | ടെൻഡർ നടപടി – അപാകത | 3-2 |
| 17 | എസ്.സി. കുടുംബശ്രീ ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട് വിതരണത്തിൽ ന്യൂനത | 3-3 |
| 18 | ഇ-ടെണ്ടർ പ്രവൃത്തികൾ - EMD, ടെണ്ടർ ഫീ മുതലായവ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. | 3-4 |
| 19 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല – ₹.19,96,138/- തടസ്സപ്പെടുത്തുന്നു | 3-5 |
| 20 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭിച്ചിട്ടില്ല. | 3-6 |
| | ഭാഗം – 4 | |
| 21 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 22 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 24 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 25 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 26 | ഓഡിറ്റ് റിക്കവറി | 4-6 |
| 27 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 31 | ഓഡിറ്റ് സർട്ടിഫിക്കറ്റ് – 2016-17 | അനുബന്ധം1 |
| 32 | ബാലൻസ് ഷീറ്റ് – 2016-17 | അനുബന്ധം2 |
| 33 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റമെന്റ് – 2016-17 | അനുബന്ധം3 |
| 34 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റമെന്റ് – 2016-17 | അനുബന്ധം4 |


# ഭാഗം 1

# പൊതു അവലോകനം

## 1-1 ബജറ്റ്

2016-2017 വർഷത്തെ ബജറ്റ് 02.03.2016ലെ 1-ാംനമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| | ബജറ്റ് പ്രകാരം | അക്കൗണ്ടസ് പ്രകാരം |
|---|---|---|
| വരവ് | 11,00,35,835 | 5,21,18,500 |
| ചെലവ് | 10,83,82,220 | 4,93,82,344 |

ഇ.എഫ്.എം.എസ്. മുഖേന എം.ജി.എൻ.ആർ.ഇ.ജി.എസ്., ബി-ഫണ്ട് എന്നീ ഇനങ്ങളിൽ നടന്നിട്ടുള്ള യഥാക്രമം 1.19 കോടി രൂപയുടേയും 4.99 കോടി രൂപയുടേയും വരവു ചെലവുകൾ വരവു ചെലവു പത്രിക പ്രകാരമുള്ള വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല. ഇവയുൾപ്പെടെയുള്ള കണക്കു നോക്കിയാൽ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവു ചെലവുകളും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ കാര്യമായ വ്യത്യാസം ഇല്ലെന്ന് കാണാം.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31/07/2017 | 06.07.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | റിമാർക്സ് |
|---|---|---|
| 2016-17 | 29.07.2017 | ധനകാര്യ പത്രിക പരിശോധിച്ചതിൽ ന്യൂനതകൾ ഒന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 1,18,65,598 |
| വരവ് | 5,21,18,500 |
| ആകെ | 6,39,84,098 |
| ചെലവ് | 4,93,82,344 |
| നീക്കിബാക്കി | 1,46,01,754 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 1,08,40,707 | 1,08,40,707 | 1,08,40,707 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 33,86,463 | 33,86,463 | 33,86,463 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 2241 | 2241 | 2241 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 23,52,053 | 23,52,053 | 23,52,053 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 24,51,637 | 24,51,637 | 24,51,637 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 61,93,181 | 61,93,181 | 61,93,181 | 0 |
| ലോക ബാങ്ക് സഹായം | 0 | 20,72,886 | 20,72,886 | 20,72,886 | 0 |
| എം.ജി.എൻ.ആർ. ഇ.ജി.എസ്. | 99 | 1,18,87,595 | 1,18,87,694 | 1,18,83,847 | 3,847 |
| ബി ഫണ്ട് | 0 | 5,16,90,253 | 5,16,90,253 | 5,16,90,253 | 0 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 141 | 55241440 | 98 | 34258350 | 32 | 11 | 70 |

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 50.54% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2016-17 ഓഡിറ്റ് റിപ്പോർട്ട് പ്രകാരം) | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | 30,14,313 | 4952,272 | (+) 19,37,959 | (+) 64% |
| നികുതിയേതര വരവുകൾ | 7,11645 | 6,87,373 | (-) 24272 | (-) 3.41% |
| മറ്റുവരവുകൾ | 49,599 | 44390 | (-) 5209 | (-) 10.50% |
| ആകെ | 37,75,557 | 56,84,035 | (+) 19,08,478 | (+)50.55 % |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 77,640 | 56 |
| കർഷകത്തൊഴിലാളി പെൻഷൻ | 6,66,660 | 488 |
| വിധവാപെൻഷൻ | 1,55,19,890 | 88 |
| വാർദ്ധക്യകാലപെൻഷൻ | 2,85,04,680 | 532 |
| വികലാംഗപെൻഷൻ | 35,48,210 | 31 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 16,15,420 | 3 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 5,40,000 | 18 |

സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ ഡി.ബി.ടി. (ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ) വഴിയാണ് നൽകിവരുന്നത്.

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.07.2017 3.25-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 26,275/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം.

ആസ്തി രജിസ്റ്റർ ഒഴികെയുള്ള പഞ്ചായത്തിലെ രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്, ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.07.2017 | 01-06-2017 30.06.2017 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.01.2012 | 2010-11 | 23.03.2012 |

# 1-12 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി.

| തൊഴിൽ കാർഡ് ഉള്ളവർ | | | | തൊഴിൽ ആവശ്യപ്പെട്ടവരുടെ എണ്ണം | തൊഴിൽ ലഭിച്ചവരുടെ എണ്ണം | സൃഷ്ടിക്കപ്പെട്ട തൊഴിൽദിനങ്ങൾ | | | | 100 ദിവസം തൊഴിൽ ലഭിച്ചവർ |
|---|---|---|---|---|---|---|---|---|---|---|
| SC | ST | GEN | Total | | | SC | ST | GEN | Total | |
| 309 | - | 1884 | 2193 | 672 | 619 | 5347 | - | 29752 | 35099 | 113 |

.
.

| | | |
|---|---|---|
| മുന്നിരിപ്പ് | | 99 |
| തൻവർഷവരവ് | ഇ.എഫ്.എം.എസ്. | 1,18,87,595 |
| | ഭരണച്ചെലവുകൾക്കായുള്ള തുക (AFS പ്രകാരം) | --- |
| | ആകെ | 1,18,87,694 |
| ആകെ വരവ് | | |
| ചെലവ് | ഇ.എഫ്.എം.എസ്. | 1,13,52,367 |
| | ഭരണച്ചെലവുകൾക്കായുള്ള തുക(AFS പ്രകാരം) | 5,31,480 |
| | ആകെ | 1,18,83,847 |
| നീക്കിയിരിപ്പ് | | 3,847 |

.
.

| | |
|---|---|
| സാങ്കേതികാനുമതി ലഭിച്ച ആകെ പ്രവൃത്തികൾ | 304 |
| പൂർത്തീകരിച്ച ആകെ പ്രവൃത്തികൾ | 279 |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ പ്രധാന തനതു വരുമാന മാർഗ്ഗങ്ങളിലൊന്നായ തൊഴിൽ നികുതി പിരിവിൽ താഴെപ്പറയുന്ന ന്യൂനതകൾ കാണുന്നു :-

**(എ) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.**

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, സ്ഥാപനങ്ങളുടെ പത്രികകൾ എന്നിവയുടെ പരിശോധനയിൽ നിന്നും താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്നു വ്യക്തമാകുന്നു :-

| സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|
| ബി.എസ്.എൻ.എൽ,ചേന്ദമംഗലം | I,II |

| | |
|---|---|
| നെയ്ത്തുവ്യവസായസഹകരണ സംഘം,ചേന്ദമംഗലം | I,II |
| ഓറിയന്റൽ ഇൻഷുറൻസ് കമ്പനി,ചേന്ദമംഗലം | I,II |
| സപ്ലൈകോ മാവേലി സ്റ്റോർ,ചേന്ദമംഗലം | I,II |

**(ബി)** <u>ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>
തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, സ്ഥാപനങ്ങളുടെ പത്രികകൾ എന്നിവയുടെ പരിശോധനയിൽ നിന്നും താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്നു കാണുന്നു :-

| സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|
| (എ) സപ്ലൈകോ മാവേലി സ്റ്റോർ, ചേന്ദമംഗലം | രണ്ട് |
| (ബി) കൃഷ്ണഹോമിയോ ക്ലിനിക്, കോട്ടയിൽ കോവിലകം | രണ്ട് |
| (സി) ശ്രീകൃഷ്ണഹോമിയോ ക്ലിനിക്,വടക്കുംപുറം | രണ്ട് |
| (ഡി) കൃഷ്ണഹോമിയോ ക്ലിനിക്, കോട്ടയിൽ കോവിലകം | രണ്ട് |

സൂചിത സ്ഥാപനങ്ങളുടേയും ജീവനക്കാരുടേയും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ ധരിപ്പിക്കേണ്ടതാണ്.

## 2-2 <u>വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി കണക്കാക്കി നികുതി നിർണ്ണയിക്കുന്നില്ല – വരുമാന നഷ്ടം</u>

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവ ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതാത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്'' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ് എന്നിരിക്കെ ആയത് പാലിക്കാതെയാണ് താഴെപ്പറയുന്ന വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത് ഇത് മൂലം പഞ്ചായത്തിന് നഷ്ടം സംഭവിച്ചു വിശദ വിവരം ചുവടെ ചേർക്കുന്നു :-

| കെട്ടിടനമ്പർ,ഉടമ | ആകെ വിസ്തീർണ്ണം, ആവശ്യം,മേഖല,ഇളവ് | നിർണ്ണയിച്ച തുക(40 രൂപ നിരക്കിൽ എല്ലാ ഇളവുകൾക്കും ശേഷം) | നിർണ്ണയിക്കേണ്ട തുക(60രൂപ നിരക്കിൽഎല്ലാ ഇളവുകൾക്കും ശേഷം) | കുറവ് |
|---|---|---|---|---|
| 447A മുതൽ Iവരെ,ഖജാൻജി, ചെറുപുഷ്പപുരം തിരുനാൾശവസംസ്കാര | **179.15,** വാണിജ്യം, ദ്വീതിയം, **10%** | 7496 | 10642 | 3146 |

| | | | | |
|---|---|---|---|---|
| സാധകസംഘം, കുട്ട്കാട് | | | | |
| 439A മുതൽ Gവരെ, സെക്രട്ടറി ഈഴവോദയ സംഘം,വടക്കുംപുറം | 132,22, വാണിജ്യം, പ്രാഥമികം, ഇല്ല | 6355 | 7933 | 1578 |
| ആകെ | | | | 4724 |

ഇതു മൂലം പഞ്ചായത്തിന് 4724/- രൂപ നഷ്ടം സംഭവിച്ചു. ടി തുക കെട്ടിട ഉടമകളിൽ നിന്നോ നഷ്ടോത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിൽ ധരിപ്പിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ബഡ്സ് സ്കൂൾ റീഹാബിലിറ്റേഷൻ സെന്റർ ഇലക്ട്രിഫിക്കേഷൻ – ചെയ്യാത്ത ഇനങ്ങൾക്കും മൂല്യം നിർണ്ണയിച്ചു.

പ്രോജക്ട് നമ്പർ - 31/16-17
കരാറുകാരൻ -ശ്രീ.ലോറൻസ്
അളവുപുസ്തകം - 1287/16-17
ആകെ പ്രവൃത്തിമൂല്യം – 150,000/-രൂപ
തുക നൽകിയതിന്റെ വിവരം – ബിൽ.നം.14/16-17/30.01.17

ചേന്ദമംഗലം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികളിൽ എസ്റ്റിമേറ്റിലുള്ള പല ഫിറ്റിംഗുകളും ഇല്ലാത്തതായോ അളവിൽ കുറവുള്ളതായോ കാണപ്പെട്ടു. ഗ്രാമ പഞ്ചായത്തിയിലെ ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിൽ പരിശോധന നടത്തിയതിൽ ഇലക്ട്രിക്കൽ വർക്കുകൾ ചെയ്തതിൽ അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയത് പ്രകാരമുള്ള ഫിറ്റിംഗുകൾ/പ്രവൃത്തികൾ ചെയ്തതിൽ പല ഫിറ്റിംഗുകളും എണ്ണത്തിൽ കുറവുമുണ്ട്. പി.ഡബ്ല്യു.ഡി.-യിൽ നിന്ന് വിരമിച്ച ഇലക്ട്രിക്കൽ വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ സോമൻ (സർക്കാർ ഉത്തരവ് പ്രകാരമുള്ള പാനലിൽ ഉൾപ്പെട്ട എഞ്ചിനീയർ) ആണ് എസ്റ്റിമേറ്റ് തയാറാക്കിയതും അളവുകൾ രേഖപ്പെടുത്തി ബിൽ തയാറാക്കിയതും. കിഴക്കമ്പലം ഇലക്ട്രിക്കൽ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറാണ് എസ്റ്റിമേറ്റ് അംഗീകരിച്ചതും ചെക്ക് മെഷർ ചെയ്തതും. അളവുപുസ്തകപ്രകാരം ആകെ പ്രവൃത്തിമൂല്യം 150000/- രൂപയാണ്. അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയതിലും കുറവുള്ളതും ചെയ്തിട്ടില്ലാത്തതുമായ ഇനങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | പ്രവൃത്തിയും നിരക്കും | അളവുപുസ്തക പ്രകാരം ഉള്ള എണ്ണം | യഥാർത്ഥത്തിൽ കാണുന്ന എണ്ണം | കുറവ് എണ്ണം | കുറയ്ക്കേണ്ട തുക ₹ |
|---|---|---|---|---|---|
| 4 | Ceiling fan point with 6A 3 plate ceiling rose and socket type | 8 | 5 | 3x1498 | 4494 |

| | | | | | |
|---|---|---|---|---|---|
| | electric with regulator | | | | |
| 9 | Ceiling fan with std Accessories and giving connection with 3 core flex wire | 6 | 5 | 1x1992 | 1992 |
| | | | | | 6486 |

മേൽ പ്രവൃത്തിയിൽ കുറവ് വന്ന 6486/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

## 3-2 ടെൻഡർ നടപടി-അപാകത

ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷം നടപ്പാക്കിയ വിവിധ പ്രോജക്ടുകളുടെ ഫയൽ പരിശോധിച്ചതിൽ ടെൻഡർ നടപടി സ്വീകരിച്ചതിൽ ചില അപാകത കാണുന്നു.പഞ്ചായത്തിലെ വിവിധ തലത്തിൽ നടപ്പിലാക്കിയ 7 പ്രോജക്ടുമായി ബന്ധപ്പെട്ട് ടെൻഡറുകൾ എല്ലാം ഒരു സ്ഥാപനത്തിന് തന്നെ ലഭിച്ചിരിക്കുന്നു. മറ്റ് സ്ഥാപനങ്ങളേക്കാൾ ചെറിയ തുകയുടെ വ്യത്യാസത്തിലാണ് മോഡേൺ ഇൻഡസ്ട്രീസ്, എൻ.പറവൂർ എന്ന സ്ഥാപനം ടെൻഡറുകൾ കരസ്ഥമാക്കിയിരിക്കുന്നത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

(എ) പഞ്ചായത്ത് മെയിൻ ഓഫീസ് നവീകരണം :-

| ടെൻഡർ സമർപ്പിച്ച സ്ഥാപനത്തിന്റെ പേര് | ടെൻഡർ തുക |
|---|---|
| മോഡേൺ ഇൻഡസ്ട്രീസ് .എൻ.പറവൂർ | 2,74,500 |
| ടി.കെ.ഏജൻസീസ്. കൊടുങ്ങല്ലൂർ | 2,75,000 |
| വ്യത്യാസം | 500 |

(ബി) റെക്കോർഡ് റൂമിലേക്ക് റാക്കുകളുടെ നിർമ്മാണം

| ടെൻഡർ സമർപ്പിച്ച സ്ഥാപനത്തിന്റെ പേര് | ടെൻഡർ തുക |
|---|---|
| മോഡേൺ ഇൻഡസ്ട്രീസ് .എൻ.പറവൂർ | 4,49,500 |
| ടി.കെ.ഏജൻസീസ്, കൊടുങ്ങല്ലൂർ | 4,50,000 |
| വ്യത്യാസം | 500 |

(സി) കൃഷി ഭവൻ ആഫിസിലേക്ക് കമ്പ്യൂട്ടർ, സ്കാനർ,പ്രിന്റർ,യു.പി.എസ്. വാങ്ങൽ

| ടെൻഡർ സമർപ്പിച്ച സ്ഥാപനത്തിന്റെ പേര് | ടെൻഡർ തുക |
|---|---|
| മോഡേൺ ഇൻഡസ്ട്രീസ് .എൻ.പറവൂർ | 49,200 |
| മിറർ കമ്പ്യൂട്ടേഴ്സ് | 52,000 |
| വ്യത്യാസം | 2,800 |

(ഡി) ഐ.എസ്.ഒ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഉപകരണങ്ങൾ വാങ്ങൽ

| ടെൻഡർ സമർപ്പിച്ച സ്ഥാപനത്തിന്റെ പേര് | ടെൻഡർ തുക |
|---|---|
| മോഡേൺ ഇൻഡസ്ട്രീസ് .എൻ.പറവൂർ | 49,200 |

| | |
|---|---|
| | 52,000 |
| വ്യത്യാസം | 2,800 |

(ഇ) പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങൽ

| ടെൻഡർ സമർപ്പിച്ച സ്ഥാപനത്തിന്റെ പേര് | ടെൻഡർ തുക |
|---|---|
| മോഡേൺ ഇൻഡസ്ട്രീസ് .എൻ.പറവൂർ | 29,000 |
| മിറർ കമ്പ്യൂട്ടേഴ്സ് | 36,800 |
| വ്യത്യാസം | 7,800 |

(എഫ്) പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങൽ

| ടെൻഡർ സമർപ്പിച്ച സ്ഥാപനത്തിന്റെ പേര് | ടെൻഡർ തുക |
|---|---|
| മോഡേൺ ഇൻഡസ്ട്രീസ് .എൻ.പറവൂർ | 4,000 |
| ഫ്ലോറ | 4,500 |
| ബി.എസ്.എസ്. മാർക്കറ്റിംഗ് | 4,600 |

(ജി) ആയുർവേദ ആശുപത്രിക്ക് കസേര വാങ്ങൽ

| ടെൻഡർ സമർപ്പിച്ച സ്ഥാപനത്തിന്റെ പേര് | ടെൻഡർ തുക |
|---|---|
| മോഡേൺ ഇൻഡസ്ട്രീസ് .എൻ.പറവൂർ | 7,500 |
| ബി.എസ്.എസ്. മാർക്കറ്റിംഗ് | 7,700 |
| വ്യത്യാസം | 200 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളിൽ പഞ്ചായത്ത് ടെൻഡർ നടപടി സ്വീകരിച്ചതിൽ ഒരു സ്ഥാപനം തന്നെ ടെൻഡറുകൾ കരസ്ഥമാക്കുന്നതിനാൽ ടെൻഡർ നടപടികൾ സുതാര്യമല്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മറ്റു സ്ഥാപനങ്ങളെക്കൂടി ഈ ടെൻഡർ നടപടിയിൽ പങ്കെടുപ്പിക്കുന്നതിന് ഭരണ സമിതി ശ്രദ്ധിക്കേണ്ടതാണ്. വിഷയത്തിൽ ഭരണവകുപ്പിന്റെയും ശ്രദ്ധ ക്ഷണിക്കുന്നു.

# 3-3 എസ്.സി. കുടുംബശ്രീ ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട് വിതരണത്തിൽ ന്യൂനത

| | |
|---|---|
| പ്രോജക്ട് നം | S0158/17 |
| പ്രോജക്ട് | എസ്.സി. കുടുംബശ്രീ ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട്. |
| അടങ്കൽ | 50000/- രൂപ |
| ചെലവ് വിവരം | 50,000ബിൽ 35/16-17 തീ.30.03.17 |

ചേന്ദമംഗലം ഗ്രാമപഞ്ചായത്തിലെ വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ എസ്.സി.കുടുംബശ്രീ ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട് എന്ന പ്രോജക്ടിൽ 5 കുടുംബശ്രീ യൂണിറ്റുകൾക്ക് 10000/- വീതം സബ്സിഡി നല്കിയിട്ടുണ്ട്. ഇതിന് വേണ്ടി 50000/- രൂപ ബിൽ മാറി മാനേജർ,യൂണിയൻ ബാങ്ക് പറവൂർ അക്കൗണ്ട് നമ്പർ 337801980050000 ൽ നിക്ഷേപിച്ചുവെങ്കിലും ഓഡിറ്റ് ചൂണ്ടിക്കാണിച്ചതിനെ തുടർന്ന് 31.07.2017 ന് മാത്രമാണ് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്. കൃത്യമായ നടപടിയിലൂടെ

ഗുണഭോക്താക്കൾക്ക് ലഭിക്കേണ്ട ആനുകൂല്യം സമയബന്ധിതമായി ലഭിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 ഇ-ടെണ്ടർ പ്രവൃത്തികൾ - ടെണ്ടർ ഫീ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല.

2016-17-ൽ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സമർപ്പിച്ച കരാറുകാരിൽ നിന്നും ടെണ്ടർ ഫീ ഇനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് സ്വീകരിച്ച പണം നാളിതുവരെയും ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. ഇക്കാലയളവിൽ ഇ-ടെണ്ടർ ചെയ്ത പൊതുമരാമത്ത് പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | അടങ്കൽ | ടെണ്ടർ ഫീ |
|---|---|---|---|
| 1 | പുഴയോരം റോഡ് റീ ടാറിങ്ങ് &കാന നിർമ്മാണം | 635000 | 1365 |
| 2 | റോയൽ ഹട്ട് റോഡ് സെക്കന്റ് മെറ്റലിങ്ങ്&ടാറിങ്ങ് | 487000 | 1050 |
| 3 | ഇന്ദിരാഗാന്ധി പുഴയോരം റോഡ് സെക്കന്റ് മെറ്റലിങ്ങ് & കാന നിർമ്മാണം | 546000 | 1155 |
| 4 | ശിശു ഭവൻ റോഡ് റീടാറിങ്ങ് | 400000 | 840 |
| 5 | പറക്കാട്ട് റോഡ് റീടാറിങ്ങ് | 440000 | 945 |
| 6 | ജനത റോഡ് റീടാറിങ്ങ് | 450000 | 945 |

## 3-5 വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല – ₹.19,96,138/- തടസ്സപ്പെട്ടുത്തുന്നു

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ / ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| KWA | അങ്കണവാടികളിലേക്ക് വാട്ടർ കണക്ഷൻ | വൗച്ചർ നം 21601058 22.03.2017 | 98000 | 98000 | പണി പൂർത്തീകരിച്ചെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല | - |
| KWA | ശ്മശാനം കുടിവെള്ള കണക്ഷൻ | വൗച്ചർ നം 21601056, 21601057/ 22/3/17 | 70500 | 70500 | പൂർത്തീകരിച്ചെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല | - |
| KSEB | വിവിധ വാർഡുകളിൽ | ബി നം19/15-16 | 1,35,000 | 135000 | പണി പൂർത്തീക | - |

| | | | | | | |
|---|---|---|---|---|---|---|
| | സ്ട്രീറ്റ് ലൈനുകൾ വലിക്കൽ | 11.09.2015 | | | രിച്ചെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല | |
| KSEB | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈനുകൾ വലിക്കൽ | വൗച്ചർ നം 21601107/ 22.03.17 | 1124720 | 1124720 | പണി പൂർത്തീക രിച്ചെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല | - |
| KSEB | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈനുകൾ വലിക്കൽ സെക്കന്റ് | വൗച്ചർ നം 21601107/ 22.03.17 | 490608 | 490608 | പണി പൂർത്തീക രിച്ചെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല | - |
| KSEB | സമ്പൂർണ്ണ വൈദ്യുതീകരണം | ഡി.ഡി.നം. 21601131 തീ.27.03.17 | 77310 | 77310 | പണി പൂർത്തീക രിച്ചെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല | - |
| ആകെ | | | 1996138 | 1996138 | | |

## 3-6 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം | S0011/17 |
| പ്രോജക്ട് | ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ |
| അടങ്കൽ | 1,00,000/- രൂപ |
| ചെലവ് വിവരം | 1,00,000/-രൂപ ബിൽ 01/16-17 തീ.14.03.17 |

ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷം മെഡിക്കൽ ഓഫിസർ,ഹോമിയോ ആശുപത്രി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ എന്ന പദ്ധതിയിൽ കേരള ഹോമിയോപ്പതിക് കോ-ഓപ്പറേറ്റിവ് ഫാർമസി ലിമിറ്റഡിന് മരുന്ന് വാങ്ങുന്നതിന് 1,00,000/-രൂപ നല്കിയെങ്കിലും നാളിതുവരെ പ്രഫോർമാ ഇൻവോയ്സ് പ്രകാരമുള്ള മരുന്ന് ലഭിച്ചില്ല. 1,00,000/-രൂപ മരുന്ന് ലഭിക്കുന്നത് വരെ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര് / നം | ചെലവഴിച്ച തുക | നീക്കി യിരിപ്പ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, പറവൂർ | 2,00,000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (S057/17) | 2,00,000 | - |
| | 3,00,000 | പെയിൻ&പാലിയേറ്റിവ് കെയർ (S004/17) | 1,93,380 | 1,06,620 |
| | 19,09,900 | പച്ചക്കറി വികസനം(S144/17) | 19,09,900 | - |
| | 2,50,000 | ഹരിതകേരളം മാലിന്യ സംസ്കരണ പദ്ധതി(S154/17) | - | 2,50,000 |
| | 2,05,000 | പാൽ വില സബ്സിഡി (S017/17) | 2,05,000 | - |
| ജില്ലാപഞ്ചായത്ത് | 2,00,000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (S057/17) | 2,00,000 | - |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ / ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| KWA | അങ്കണ വാടികളിലേക്ക് വാട്ടർ കണക്ഷൻ | വൗച്ചർ നം 21601058 22.03.2017 | 98000 | 98000 | പണി പൂർത്തീക രിച്ചെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല | - |
| KWA | ശ്മശാനം കുടിവെള്ള കണക്ഷൻ | വൗച്ചർ നം 21601056, 21601057/ 22/3/17 | 70500 | 70500 | പൂർത്തീക രിച്ചെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല | - |
| KSEB | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈനുകൾ വലിക്കൽ | ബി നം19/15-16 11.09.2015 | 1,35,000 | 135000 | പണി പൂർത്തീക രിച്ചെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല | - |
| KSEB | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈനുകൾ വലിക്കൽ | വൗച്ചർ നം 21601107/ 22.03.17 | 1124720 | 1124720 | പണി പൂർത്തീക രിച്ചെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല | - |

| | | | | | | |
|---|---|---|---|---|---|---|
| KSEB | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈനുകൾ വലിക്കൽ സെക്കന്റ് | വൗച്ചർ നം 21601107/ 22.03.17 | 490608 | 490608 | പണി പൂർത്തീകരിച്ചെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല | - |
| KSEB | സമ്പൂർണ്ണ വൈദ്യുതീകരണം | ഡി.ഡി.നം. 21601131 തീ.27.03.17 | 77310 | 77310 | പണി പൂർത്തീകരിച്ചെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല | - |
| ആകെ | | | 1996138 | 1996138 | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

**(i)** വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.
ഇല്ല

**(ii)** വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം. /തീയതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | EMS ഭവന വായ്പ | 564/10 ത.സ്വ.ഭ.വ തീ.22.02.10 | 15000000 | 4818559 | - | - | മുതൽ 4818559 പലിശ 3707050 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട

ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2011-12 | 2011-12 ഖ.3-1 | കൃഷിഭവനിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് | 17-06-2015ൽ നിയമസഭാസമിതി മുമ്പാകെ ഫയലുകൾ ഹാജരാക്കി |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം.

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,21,18,500 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,93,82,344 |
| വരവിനങ്ങളിലുള്ള നഷ്ടം | 4,724 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 6486 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 20,96,138 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-2 | 4,724 | എം.കെ ഷിബു ,സെക്രട്ടറി |
| 3-1 | 6,486 | എം.കെ ഷിബു ,സെക്രട്ടറി |
| ആകെ | 11,210 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 19,96,138 | എം.കെ ഷിബു ,സെക്രട്ടറി |
| 3-6 | 1,00,000 | ഡോ.ഋഷികേശൻ, സൂപ്രണ്ട്,ഹോമിയോ |
| ആകെ | 20,96,138 | |

(സി) കേന്ദ്ര / സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ. നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷിബു എം കെ | സെക്രട്ടറി, ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് | മംഗലത്ത് പറമ്പിൽ, മനക്കപ്പടി, പറവൂർ. |
| ലിജി.ടി.എൻ | അസി.എഞ്ചിനിയർ, ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് | തറയിൽ വീട്, മൂത്തകുന്നം |
| ഡോ.ഋഷികേശൻ, | സൂപ്രണ്ട്,ഹോമിയോ ഡിസ്പെൻസറി എൻ.പറവൂർ | - |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1979-80 | എൽ എഫ് ഇ (പി2)946/96/തീ.04.4.97 |
| 1993-94 | എൽ എഫ് ഇ (പി2)365/97/തീ.16.6.97 |
| 1998-99 | എൽ എഫ് ഇ (പി2)910/00/തീ.09.05.01 |
| 1999-00, | എൽ എഫ് ഇ (പി2)321/01/തീ.15.09.01 |
| 2000-01 | എൽ എഫ് ഇ (പി2)1384/01/തീ.12.4.02 |
| 2001-02 | എൽ എഫ് ഇ (പി2)1057/03/തീ.14.10.03 |
| 2002-03 | എൽ എഫ് ഇ (പി6)/92/05തീ.14.10.05 |
| 2003-04 | എൽ എഫ് ഇ (പി2)1754/06/തീ.11.02.08 |
| 2004-05 | എൽ എഫ് ഇ (പി2)749/10/തീ.20.04.11 |
| 2005-06 | എൽ എഫ് ഇ (പി2)750/10/തീ.30.04.11 |
| 2006-07 | എൽ എഫ് ഇ (പി2)751/10/തീ.03.03.11 |
| 2008-09 | എൽ എഫ് ഇ (പി2)1751/11/തീ.18.04.12 |
| 2009-10 | എൽ എഫ് ഇ (പി2)1758/11/തീ.18.04.12 |
| 2011-12 | എൽ എഫ് ഇ (പി2)2234/13/തീ.13.12.13 |
| 2012-13<br>2013-14 | എൽ എഫ് ഇ (പി10)291/2015/തീ.19.02.15 |
| 2014-15 | കെ.എസ്.എ.ഇ.കെ.എം(പി10)1173/2016 തീ.16.07.2016 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം(പി12)1924/2016 തീ.08.12.2016 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2016-17

നം.കെ.എസ്.എ.-ഇകെഎം(പി12)1652/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
email: doekm.ksad@kerala.gov.in

തീയതി : 14.09.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

# APPENDIX – I

# AUDIT CERTIFICATE – 2016-17

No.KSA-EKM(P.12)1652/2017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in
Date : 14.09.2017

Certified that I have audited the Annual Financial Statement of CHENDAMANGALAM Grama Panchayat in Ernakulam District for the Financial Year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of CHENDAMANGALAM Grama Panchayat for the Financial Year 2016-17 properly presents the picture of income and expenditure.

Deputy Director